(സി) പൈപ്പ്ലൈൻ നീട്ടുന്നതിനായി 34 ഏക്കർ 71 സെന്റ് 213 സ്ക്വയർലിംഗ്സ് സ്ഥലവും, ശാസ്താംകോട്ടയിലുള്ള മറ്റാവശ്യങ്ങൾക്കായി 40 ഏക്കർ 17 സെന്റ് 10 സ്ക്വയർലിംഗ്സ് സ്ഥലവും പൊന്നുംവിലയ്ക്കെടുത്തിട്ടുണ്ട്. ഈ വകയിൽ നാളിതുവരെ 3,73,810 രൂപാ ചെലവായി.

കരിനിലങ്ങൾ

* 132. [21] ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളിയിലെ കരിനിലങ്ങളിൽ അനേകായിരം പുറനിലത്തിൽ ഓരുവെള്ളം കയറി ഇപ്പോഴും ഇറക്കിയിട്ടുള്ള കൃഷിനശിച്ചിരിക്കുന്നതായി ശവണ്ണൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ കാരണം ചീപ്പിന്റെയും സ്പിൽവേയുടേയും ഷട്ടറുകൾക്ക് വന്നിട്ടുള്ള കേടുപാടുകളും കാലാകാലത്തിൽ നന്നാക്കാത്തതുകൊണ്ടും കുന്നുകാലിപാലംതോട്ടിലെ മുട്ടിടാത്തതുകൊണ്ടും ആണെന്നുള്ള കാര്യം ശവണ്ണൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കൃത്യവിലോപനത്തിനുത്തരവാദികളായ ഉദ്യോഗസ്ഥന്മാർ ആരെല്ലാം?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്):

(എ) പെട്ടെന്നുണ്ടായ വേലിയേറ്റംമൂലം കഴിഞ്ഞ ധനുമാസം ആദ്യം രണ്ടുമൂന്നുദിവസം തോട്ടപ്പള്ളി ചീപ്പിനുസമീപമുള്ള തോട്ടിൽ ഓരുവെള്ളം കയറുകയും വെള്ളം കയറിയ 150 ഏക്കറോളം പുറംനിലത്തിലെ നെല്ലിനു വളർച്ചനിന്നു വിളവിനു ഭാഗമായ നഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

(ബി) ചീപ്പിനേറയും, സ്പിൽവേയുടെയും ഷട്ടറുകൾക്കുള്ള കേടുമൂലം കരിനിലത്തിൽ വെള്ളം കയറിയിട്ടില്ല. നിലവിലുള്ള ലോക്കിന്റെ പഴക്കം മൂലം ചെറിയതോതിൽ നിലത്തിൽ വെള്ളംകയറുന്നതിനു സാദ്ധ്യതയുണ്ട്. എന്നാൽ ലോക്കിന്റെ കേടുപാടുകൾ തീർത്തു നിലത്തിൽ മലവെള്ളംകയറാത്തവിധത്തിൽ തൃപ്തികരമായി പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) ഈ കാര്യത്തിൽ ഉദ്യോഗസ്ഥന്മാരുടെ കൃത്യവിലോപം ഉണ്ടായിട്ടില്ല.

മെഡിക്കൽ കോളേജ്.

* 133. [23] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) 4–ാം പഞ്ചവത്സരപദ്ധതിയിൽ ഈ സംസ്ഥാനത്തു പുതുതായി മെഡിക്കൽ കോളേജ് അനുവദിക്കണമെന്നു കേന്ദ്രഗവണ്മെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ടി പദ്ധതിക്കാലത്തു ഈ സംസ്ഥാനത്തു പുതുതായി മെഡിക്കൽ കോളേജ് അനുവദിക്കുന്നതിനു സാദ്ധ്യതയുണ്ടോ ?

ഡപ്യൂട്ടി ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. കെ. ഗോവിന്ദൻ നായർ) :

(എ, ബി) ഈ കാര്യം പരിഗണനയിലിരിക്കുകയാണ്.

ലാൻഡ് മോർട്ട്ഗേജ് ബാങ്കുകളിൽനിന്നുള്ള വായ്പ.

* 134. [24] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ക്ഷീരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാൻഡ് മോർട്ട്ഗേജ് ബാങ്കുകളിൽനിന്നു കൊടുക്കുന്ന വായ്പകൾ ഇപ്പോൾ കൃഷിക്കാരുടെ കടം വീട്ടുന്നതിലേക്ക് കൊടുക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

രീതി മാറ്റി വായ്പകൾ ഭൂമിയുടെ അഭിവൃദ്ധിക്കായിമാത്രമേ കൊടുക്കാവൂ എന്നുള്ള ഒരു സ്കീം ഗവണ്മെൻറിന്റെ മുമ്പാകെ ഉണ്ടോ ;

(ബി) കേരളത്തിന്റെ പ്രത്യേക പരിതസ്ഥിതിയിൽ ഭൂമിയിലുള്ള ചാർജ്ജുകൾക്കുകൂടി കടംവായ്പ കൊടുക്കേണ്ടതാണെന്നുള്ള കാര്യം പരിഗണിക്കുവാൻ ദയവുണ്ടാകുമോ ?

കൃഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഇപ്രകാരം ഒരു പദ്ധതിയും ഗവണ്മെൻറിന്റെ പരിഗണനയിലില്ല. എന്നാൽ കൃഷിക്കാരുടെ കടം വീട്ടുന്നതിലേക്കും കൃഷിഭൂമിയുടെ അഭിവൃദ്ധിക്കുമായിട്ടാണ് ഇപ്പോൾ വായ്പകൾ നൽകിവരുന്നത്. കൃഷിഭൂമിയുടെ അഭിവൃദ്ധിക്കായി നൽകുന്ന വായ്പ താരതമ്യേന കുറവാണ്. ഈ വായ്പയുടെ തോതു വർദ്ധിപ്പിക്കുന്ന കാര്യം ഭൂപണയബാങ്കുകളുടെ പരിഗണനയിലിരിക്കുകയാണ്.

(ബി) കൃഷിക്കാർക്ക് പ്രധാനമായും മുൻകടം വീട്ടുന്നതിനാണ് വായ്പകൾ നൽകിവരുന്നത്.

റൂറൽ വാട്ടർസപ്ലൈ പദ്ധതികൾ.

* 135. [25] ശ്രീ. കെ. എം. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-64-ൽ സംസ്ഥാനത്ത് എത്ര റൂറൽ വാട്ടർ സപ്ലൈ പദ്ധതികൾ പൂർത്തിയായിട്ടുണ്ട് ; എറണാകുളം കോട്ടയം ജില്ലകളിൽ എത്ര ;

(ബി) കോതമംഗലം മൂവാറ്റുപുഴ എന്നീ ടൗണുകളിൽ ശുദ്ധജല വിതരണം നടത്തുവാനുള്ള സ്കീം എന്ന് ആരംഭിക്കുമെന്നു പറയാമോ ?

(സി) നാലാം പദ്ധതിക്കാലത്തെങ്കിലും വേനൽകാലത്തു കഠിനമായ ജലക്ഷാമം അനുഭവിക്കുന്ന ടൗണുകൾക്കും ഗ്രാമങ്ങൾക്കും ശുദ്ധജല വിതരണം നടത്തുവാൻ വേണ്ട നടപടികളെടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 20, എറണാകുളം ജില്ലയിൽ 4 (നാലും) കോട്ടയം ജില്ലയിൽ 1, (ഒന്നും) പദ്ധതികൾ പൂർത്തിയായിട്ടുണ്ട്.

(ബി) കോതമംഗലം പദ്ധതിക്ക് സംസ്ഥാന വാട്ടർസപ്ലൈ ബോർഡിന്റെയും മൂവാറ്റുപുഴ പദ്ധതിക്ക് കേന്ദ്രഗവണ്മെൻറിന്റെയും അംഗീകാരം ലഭിച്ചുകഴിഞ്ഞതിനുശേഷമേ ഈ പദ്ധതികൾ എന്ന് ആരംഭിക്കുമെന്നു പറയുവാൻ സാധിക്കുകയുള്ളൂ.

(സി) നാലാം പദ്ധതിയുടെ അവസാനം ആകുമ്പോഴേക്കും നഗരങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും ശുദ്ധജലക്ഷാമം ഏറെക്കുറെ പരിഹരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

ആയുർവ്വേദ ആശുപത്രികൾ.

* 136. [27] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പദ്ധതിക്കാലത്തു തുറക്കുവാനുദ്ദേശിക്കുന്ന ആയുർവ്വേദ ആശുപത്രികൾ എത്ര ;

(ബി) 1962-63-ൽ തുറന്ന ആശുപത്രികൾ എത്ര ;

(സി) 1963-64-ൽ തുറക്കുവാനുദ്ദേശിക്കുന്ന ആശുപത്രികൾ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly